ഉത്തരം

(എ) രണ്ടുവർഷക്കാലത്തേയ്ക്ക് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് നിർത്തിവയ്ക്കുവാനുള്ള വിഷയം ആലോചനയിലാണ്.

(ബി) സംസ്ഥാനത്തെ 600 ഓളം വരുന്ന ലെപ്രസി വിഭാഗത്തിന്റെ കേന്ദ്ര സഹായം 30.9.2000 ത്തോടെ കേന്ദ്രസർക്കാർ നിർത്തിവയ്ക്കുകയാണ്. അതിനാൽ ഈ വിഭാഗം ജീവനക്കാർക്ക് 6 മാസത്തെ മൾട്ടി പർപ്പസ് പരിശീലനം ജെ.എച്ച്.ഐ. പരിശീലന കേന്ദ്രങ്ങളിൽ വിവിധ ബാച്ചുകളിലായി നൽകി ജനറൽ ഹെൽത്ത് വിഭാഗത്തിലേക്ക് നിയമിക്കുവാനുള്ള തീരുമാനം ചർച്ചയിലായതുകൊണ്ടാണ് രണ്ടുവർഷത്തേയ്ക്ക് ഈ കോഴ്സ് നിർത്തിവയ്ക്കാനുള്ള കാര്യം പരിഗണിക്കുന്നത്.

(സി) വിഷയം ചർച്ചയിലാണ്.

(ഡി) ലെപ്രസി വിഭാഗത്തിന് മൾട്ടി പർപ്പസ് പരിശീലനം നിലവിലുള്ള ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ പരിശീലന കേന്ദ്രങ്ങളിൽ വച്ച് നടത്താനും 2 വർഷക്കാലം ജെ.എച്ച്.ഐ. പരിശീലനം നിർത്തിവയ്ക്കുവാനുള്ള കാര്യമാണ് ചർച്ച ചെയ്തുവരുന്നത്.

(ഇ) ആരോഗ്യവകുപ്പ് നടത്തുന്ന ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ പരിശീലനം പാസ്സായവരെയും ആൾ ഇൻഡ്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ സെൽഫ് ഗവൺമെന്റ് നടത്തുന്ന സാനിട്ടറി ഇൻസ്പെക്ടർ കോഴ്സ് പാസായവരെയുമാണ് ജൂനിയർ ഇൻസ്പെക്ടർമാരായി നിയമിക്കുന്നത്.

(എഫ്) ക്ലാസ്-4 വിഭാഗത്തിന്റെ പ്രൊമോഷൻ തടയപ്പെടാൻ സാദ്ധ്യതയില്ല.

(ജി) ബാധകമല്ല.

ആരോഗ്യവകുപ്പിന്റെ കീഴിലുള്ള ആശുപത്രികളുടെ പ്രവർത്തനം

147 (805)ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യ വകുപ്പിന്റെ കീഴിൽ വരുന്ന മെഡിക്കൽ കോളേജുകളുടെയും ജില്ലാ താലൂക്ക് പ്രാഥമികാരോഗ്യകേന്ദ്രങ്ങളുടെയും പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ആരോഗ്യമേഖലയിൽ 1996 മുതൽ ഓരോ വർഷവും എന്തുതുക ചെലവഴിച്ചു;

(സി) 1996-97, 1997-98, 1998-99, 1999-2000 എന്നീ വർഷങ്ങളിൽ മരുന്നിന് എന്തുതുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആശുപത്രികളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ കൈക്കൊണ്ട പ്രധാന നടപടികളുടെ സംക്ഷിപ്ത രൂപം ചുവടെ ചേർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

70 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ഫസ്റ്റ് റഫറൽ യൂണിറ്റുകളാക്കി. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ സി.എച്ച്.സി. കളായി ഉയർത്തുകയും അനുവദിക്കപ്പെട്ടിരുന്നുവെങ്കിലും പ്രവർത്തനം ആരംഭിക്കാതെ കിടന്നിരുന്ന പി.എച്ച്.സി.കളെ തുറന്നു പ്രവർത്തിപ്പിക്കുകയും ചെയ്തു. പുതിയ ഹോമിയോ ആയുർവേദ ഡിസ്പെൻസറികൾ ആരംഭിച്ചു. ആശുപത്രികൾ ആവശ്യകത കണക്കിലെടുത്ത് സാമ്പത്തിക സ്ഥിതിക്കനുസൃതമായി മരുന്നും മറ്റുപകരണങ്ങളും ലഭ്യമാക്കി. ഡോക്ടർ നിയമനത്തിനുള്ള പി.എസ്.സി. ലിസ്റ്റിന്റെ അഭാവത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും കരാർ അടിസ്ഥാനത്തിലും ഡോക്ടർമാരെ താൽക്കാലികമായി നിയമിച്ചു. സ്പെഷ്യാലിറ്റി സൗകര്യങ്ങൾ കൂടുതലായി ഏർപ്പെടുത്തി. മെഡിക്കൽ കോളേജുകളിലും ജില്ലാതല ആശുപത്രികളിലും ദേശീയപാതയ്ക്കരികിലുള്ള പ്രധാന ആശുപത്രികളും ക്യാഷ്വാലിറ്റി വിഭാഗം മെച്ചപ്പെടുത്തി ട്രോമാകെയർ സംവിധാനം ഏർപ്പെടുത്തുന്നതിനും ആധുനിക രോഗനിർണ്ണയ ചികിത്സാ ഉപകരണങ്ങൾ വാങ്ങി സ്ഥാപിച്ചിട്ടുണ്ട്. ജില്ലാ ആശുപത്രികളിൽ 3 ഷിഫ്റ്റ് സമ്പ്രദായം ഏർപ്പെടുത്തി. ഹൃദയ ശസ്ത്രക്രിയ തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ ആരംഭിച്ചു. വിവിധ കേന്ദ്ര ആരോഗ്യ പദ്ധതികൾ വിജയകരമായി നടപ്പിലാക്കി. പി.എച്ച്.സി.കൾക്ക് വാഹനങ്ങളെയും സി.എച്ച്.സി.കൾക്ക് ആമ്പുലൻസും അനുവദിച്ചു. പുതിയ വാർഡുകൾ പണിതു. കിടക്കകളുടെ എണ്ണം വർദ്ധിപ്പിച്ചു. വാർഡുകൾ പ്രവർത്തിക്കുന്നതിനാവശ്യമായ പുതിയ തസ്തികകൾ സൃഷ്ടിച്ചു.

ഇതിലൊക്കെ ഉപരിയായി അധികാരവികേന്ദ്രീകരണത്തിന്റെയും ജനകീയാസൂത്രണത്തിന്റെയും ഫലമായി ആരോഗ്യ സ്ഥാപനങ്ങളുടെ നടത്തിപ്പും ചുമതലയും വിട്ടുകൊടുക്കപ്പെട്ടിട്ടുള്ള ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളും മുനിസിപ്പാലിറ്റിയും പദ്ധതിരേഖകൾ തയ്യാറാക്കി വിഹിതത്തിന്റെ നല്ലൊരു ശതമാനം തുക ആരോഗ്യമേഖലക്കുവേണ്ടി ചെലവഴിക്കുന്നുണ്ട്. കൂട്ടായ പ്രവർത്തനത്തിലൂടെ അത്യാവശ്യ അടിസ്ഥാന സേവനങ്ങളായ ലബോറട്ടറി സൗകര്യവും ലഘുശസ്ത്രക്രിയ സൗകര്യവും പി.എച്ച്.സി.കളിൽ ഏർപ്പെടുത്തി വരുന്നുണ്ട്. അതിന്റെ ഫലമായി അതാത് സ്ഥാപനങ്ങളിൽ ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെട്ടുവരുന്നുണ്ട്.

(ബി) ആരോഗ്യവകുപ്പ് : കുടുംബക്ഷേമ (പ്ലാൻ) വിഭാഗത്തിൽ 1996 മുതൽ ഓരോ വർഷവും ചെലവഴിച്ച തുക താഴെകൊടുക്കുന്നു.

1996-97	-	51,70,80,111
1997-98	-	56,33,98,546
1998-99	-	63,84,54,753
1999-2000	-	82,09,45,079

2210 പ്ലാൻ പ്രകാരം ചെലവഴിച്ച തുക

1996-97	-	1949.36 ലക്ഷം രൂപ
1997-98	-	2691.71 ലക്ഷം രൂപ
1998-99	-	1821.28 ലക്ഷം രൂപ
1999-2000	-	1131.44 ലക്ഷം രൂപ

നോൺ പ്ലാൻ

LIBRARY ARCHIVES Kerala Legislative Assembly

1995-96	-	162 കോടി 55 ലക്ഷം
1996-97	-	183 കോടി 70 ലക്ഷം
1997-98	-	245 കോടി 51 ലക്ഷം
1998-99	-	263 കോടി 88 ലക്ഷം
1999-2000	-	274 കോടി 80 ലക്ഷം
ഹോമിയോ വകുപ്പ്		
1996-97	-	1038 ലക്ഷം
1997-98	-	1060 ലക്ഷം
1998-99	-	1495 ലക്ഷം
1999-2000	-	1951 ലക്ഷം
നാട്ടുചികിത്സാ വകുപ്പ്		
1996-97	-	23,95,13.000 രൂപ
1997-98	-	27,54,08,000 രൂപ
1998-99	-	32,45,84,000 രൂപ
1999-2000	-	40,87,29,000 രൂപ
മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്		
1996-97	-	9333.15 ലക്ഷം
1997-98	-	10273.74 ലക്ഷം
1998-99	-	10992.36 ലക്ഷം
1999-2000	-	14290.41 ലക്ഷം
(സി) ആരോഗ്യ വകുപ്പ്	-	കുടുംബക്ഷേമ വിഭാഗം (പ്ലാൻ)
1996-97	-	1,79,10,116
1997-98	-	1,54,14,146
1998-99	-	2,00,74,884
1999-2000	-	1,68,81,867
നോൺ പ്ലാൻ		
1996-97	-	24 കോടി 75 ലക്ഷം രൂപ
1997-98	-	23 കോടി 32 ലക്ഷം രൂപ
1998-99	-	27 കോടി 49 ലക്ഷം രൂപ
1999-2000	-	23 കോടി 88 ലക്ഷം രൂപ
പ്ലാൻ പ്രകാരം		
1996-97	-	21,40,01,218 രൂപ
1997-98	-	29,58,04,167 രൂപ
1998-99	-	27,47,00,000 രൂപ
1999-2000	-	23,04,50,420 രൂപ

LIBRARY ARCHIVES Kerala Legislative Assembly

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്		
1996-97	-	15,83,86,920 രൂപ
1997-98	-	17,14,25,901 രൂപ
1998-99	-	17,39,47,695 രൂപ
1999-2000	-	17,97,13,721 രൂപ
നാട്ടുചികിത്സാ വകുപ്പ്		
1996-97	-	2,31,20,662.90 രൂപ
1997-98	-	2,94,36,722.35 രൂപ
1998-99	-	3,13,15,631.35 രൂപ
1999-2000	-	2,62,44,218.00 രൂപ
ഹോമിയോ വകുപ്പ്		
1996-97	-	3753230 രൂപ
1997-98	-	4007067 രൂപ
1998-99	-	5586170 രൂപ
1999-2000	-	4939760 രൂപ

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ മറ്റ് സ്ഥാപനങ്ങൾക്കു കൈമാറിയിട്ടുള്ള വിഭാഗങ്ങൾ

148 (806)ശ്രീ. ബി. വിജയകുമാർ :

ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഏതെങ്കിലും വിഭാഗങ്ങൾ മറ്റേതെങ്കിലും സ്ഥാപനത്തിന് കൈമാറിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏത് സ്ഥാപനത്തിന് ഏതെല്ലാം വിഭാഗങ്ങളാണ് കൈമാറിയതെന്ന് വെളിപ്പെടുത്തുമോ;

(സി) അതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ;

(ഡി) ഏതെല്ലാം വ്യവസ്ഥയിന്മേലാണ് ഈ വിഭാഗങ്ങൾ കൈമാറിയിട്ടുള്ളത്;

(ഇ) മറ്റുസ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്ത വിഭാഗങ്ങളിൽ എന്തെല്ലാം തരത്തിലുള്ള പരിശോധനകൾക്കും ചികിത്സയ്ക്കും ഫീസ് നൽകേണ്ടതുണ്ട്;

(എഫ്) ഓരോ പരിശോധനയ്ക്കും ചികിത്സയ്ക്കും എത്ര വീതമാണ് ഫീസ് ഈടാക്കുന്നത്;

(ജി) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയുടെ ഏതെല്ലാം ഉപകരണങ്ങളാണ് ഇപ്രകാരം കൈമാറ്റം ചെയ്തത്;

(എച്ച്) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയുടെ ഉപകരണങ്ങൾ മറ്റ് സ്ഥാപനങ്ങൾക്ക് നൽകി ആ ഉപകരണങ്ങൾ ഉപയോഗിച്ച്

LIBRARY ARCHIVES Kerala Legislative Assembly